(സി) ഇന്ത്യയിലെ ലബോറട്ടറികളിലെ പരിശോധനയ്ക്കുശേഷം അമേരിക്കൻ പേറ്റന്റ് കമ്പനിയായ മാക്സ് വെൽ ഐ. പി., യിൽ നിന്നും ഇന്ത്യൻ പ്രൊവിഷണൽ പേറ്റന്റും ലോകരാജ്യങ്ങളിൽ ഔഷധം നിർമ്മിച്ച് വിതരണം ചെയ്യാനുള്ള പി.സി.ടി. അംഗീകാരവും ലഭിച്ചതിനാൽ കേരളത്തിലെ കാർഷിക രംഗത്ത് പ്രസ്തുത ഔഷധം പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) തമിഴ് നാട്ടിൽ നിന്നും കർണ്ണാടകയിൽ നിന്നും ലഭിക്കുന്ന പച്ചക്കറി കളിലെ വിഷാംശം മാറ്റുന്നതിനായി ഇത് വ്യാപകമായി ഉപയോഗിക്കാനായി നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി-ഡി) ബാധകമല്ല.

ഡി.എച്ച്.എസ്-ൽ മരുന്ന് കത്തിച്ച സംഭവം

80 (8140) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ മരുന്നുകൾ കൂട്ടിയിട്ട് കത്തിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ലക്ഷങ്ങൾ വിലവരുന്ന ജീവൻ രക്ഷാമരുന്നുകൾ തീയിട്ട് നശിപ്പിച്ചത് എന്തുകൊണ്ടെന്നും ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥർ ആരെല്ലാമെന്നും വ്യക്തമാക്കുമോ ;

(സി) ഇതിനായി അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഇക്കാര്യത്തിൽ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ അനുമതിയോ നീരിക്ഷണമോ ഉണ്ടായിരുന്നുവോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) എന്തുവില വരുന്ന മരുന്നുകളാണ് കത്തിച്ചതെന്നും ഇത്രയധികം മരുന്നുകൾ ഉപയോഗശൂന്യമായതിന്റെ കാരണവും വ്യക്തമാക്കുമോ ;

(എഫ്) ഈ വിവരമറിഞ്ഞ് അവിടെയെത്തിയ ജനപ്രതിനിധികൾ ആരെല്ലാമെന്നും അവരെ തടഞ്ഞ ഉദ്യോഗസ്ഥർ ആരെല്ലാമെന്നും തടഞ്ഞതിനു കാരണം എന്താണെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഈ സംഭവത്തിൽ ഉന്നതതല അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തി സർക്കാരിനുണ്ടായ നഷ്ടങ്ങളുടെ നഷ്ടം അവരിൽ നിന്നും ഈടാക്കാനും ഇത്തരം പ്രവൃത്തികൾ മേഖലയിൽ ഉണ്ടാകാതിരിക്കാനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്റ്റോർ ആയി പ്രവർത്തിച്ചിരുന്ന ഹാൾ വൃത്തിയാക്കുന്നതിനുവേണ്ടി അവിടെ ഉണ്ടായിരുന്ന പഴയതും ഉപയോഗശൂന്യവുമായ ടിന്നുകൾ, വീഞ്ഞപ്പെട്ടികൾ, ഹാർഡ് ബോർഡുകൾ, ഉടഞ്ഞ കപ്പികൾ, പഞ്ഞി എന്നിവ ആരോഗ്യവകുപ്പിന്റെതന്നെ ഗതാഗത വിഭാഗം പ്രവർത്തിക്കുന്ന വർക്ക്ഷോപ്പിന്റെ ഒഴിഞ്ഞ മൂലയിൽ ജെ.സി.ബി. ഉപയോഗിച്ച് കഴിച്ച് മൂടുകയാണ് ചെയ്തത്.

(ഡി) ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ അനുമതി ആവശ്യമുള്ള കാര്യ മായിരുന്നില്ല.

(ഇ) ബാധകമല്ല.

(എഫ്) ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) ഇക്കാര്യത്തെ സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ 28-6-2014-ന് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. വി. ശിവൻകുട്ടി പ്രസ്തുത സ്ഥലം സന്ദർശി ച്ചിരുന്നതായി അന്നേദിവസം വർക്ക്ഷോപ്പിൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന സെക്യൂരിറ്റി ജീവനക്കാരൻ മൊഴി നൽകിയിട്ടുണ്ട്. ആ സമയം മാധ്യമ പ്രവർത്തകരും മറ്റ് കുറച്ച് ആൾക്കാരും ഉണ്ടായിരുന്നതായും മൊഴി നൽകിയിട്ടുണ്ട്.

(ജി) ഇക്കാര്യത്തിൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഒന്നും ഉണ്ടായിട്ടില്ല. നടപടിക്രമങ്ങളിൽ പാളിച്ചകളും ഉണ്ടായതായി കാണുന്നില്ല. തെറ്റായ മാധ്യമ റിപ്പോർട്ടുകളെ തുടർന്ന് ശരിയായ വസ്തുത കാണിച്ചുകൊണ്ടുള്ള പത്ര കുറിപ്പുകളും മാധ്യമ റിപ്പോർട്ടുകളും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽനിന്നും നൽകുകയുണ്ടായി. ഈ സാഹചര്യത്തിൽ ഒരു ഉന്നതതല അന്വേഷണത്തിന്റെ ആവശ്യം ഉണ്ടെന്ന് തോന്നുന്നില്ല.

സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ സർക്കാർ സീറ്റുകൾ

81 (T 8141) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഈ വർഷത്തെ പ്രവേശന വുമായി ബന്ധപ്പെട്ട് കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly